**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3496** **05-08-2021 - ൽ മറുപടിയ്ക്ക്**

**കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കമ്പനിയുടെ പ്രവർത്തനം എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | 26.06.2018 ലെ സ.ഉ. (എം‌എസ്) നം. 232/2018/ ധന. പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപികരിച്ചിട്ടുണ്ട്. സർക്കാർ വിതരണം ചെയ്തുകൊണ്ടിരുന്ന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണം നടത്തുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി പ്രവർത്തിക്കുക, വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നിവയാണ് കമ്പനിയുടെ പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | പ്രസ്തുത കമ്പനിയുടെ ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നത് ആരെല്ലാമാണ്; വിശദാംശം നൽകാമോ; | (ബി) | ബഹു. ധനകാര്യ വകുപ്പ മന്ത്രി കമ്പനിയുടെ ചെയർമാനും ഡയറകടറുമായി പ്രവർത്തിക്കുന്നു. ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായും ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം വി ഗോവിന്ദൻ, തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ, ശ്രീമതി. പ്രീത. ബി. എസ് (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്), ശ്രീ. അനൂപ്. എസ്. (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്), ശ്രീ. പ്രദീപ്കുമാർ (ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്) എന്നിവർ ഡയറക്ടർ മാരായും പ്രവർത്തിക്കുന്നു. |
| (സി) | ധനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതിന് പ്രസ്തുത കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | 26.06.2018 ലെ സ. ഉ. (എം‌എസ്) നം. 232/2018/ ധന. പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപികരിക്കുകയും പ്രസ്തുത കമ്പനി ധനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതിന് അനുമതി നല്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കമ്പനിക്ക് പ്രവർത്തനം നടത്തുന്നതിന് ഗ്യാരണ്ടി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക ഗ്യാരണ്ടി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | കമ്പനിയുടെ പ്രധാന പ്രവർത്തനം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണം ചെയ്യുക എന്നതാണ്. പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി വായ്പ എടുക്കുന്നതിന് ഒരു |

| | | | |
|---|---|---|---|
| | | | തവണ 2500.00 കോടി രൂപയും കടപ്പത്രം പുറപ്പെടുവിക്കുന്നതിനായി 2000 കോടി രൂപയും സർക്കാർ ഗ്യാരണ്ടി നല്കിയിരുന്നു. പ്രസ്തുത ഗ്യാരണ്ടി ഉപയോഗപ്പെടുത്തി ആകെ 1773.30 കോടി രൂപ വായ്പ എടുക്കുകയും വായ്പ കാലവധി പൂർത്തിയായതിനെ തുടർന്ന് വായ്പ തിരികെ അടച്ചിട്ടുള്ളതുമാണ്. എന്നാൽ കമ്പനി കടപ്പത്രം പുറപ്പെടുവിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത കമ്പനിയുടെ പ്രവർത്തന മേഖല എന്താണെന്നും ഓരോ വർഷത്തേയും ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ? | (ഇ) | കമ്പനിയുടെ പ്രവർത്തന മേഖല പൂർണമായും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണം ചെയ്യുക എന്നതാണ്. സേവനമേഖലയിൽ പ്രവർത്തിക്കുന്ന കമ്പനി ലാഭം ഉണ്ടാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ